# അരുണമഹാകവി

പ്രൊഫ. പി. മീരാക്കുട്ടി

ഇടശ്ശേരിയുടെ കവിതയെ ശക്തിയുടെ കവിതയെന്നാണ് എൻ.വി കൃഷ്ണവാരിയർ വിശേഷിപ്പിച്ചത്. സി.പി.ശ്രീധരൻ മാനവതയുടെ കവിതയെന്നും എം.അച്യുതൻ കർഷകകേരളത്തിന്റെ കവിതയെന്നും, ഞാനതിനെ അരുണകവിതയെന്നും വിളിക്കട്ടെ. ആധുനിക കവിത അരങ്ങു തകർത്തപ്പോഴും അരുണകവിത (pink poetry) പതിഞ്ഞാട്ടം നടത്തിയിരുന്നു. അതിനു കേളിക്കൈ പ്രയോഗിച്ച് കൊഴുപ്പ് കൂട്ടിയത് ഇടശ്ശേരിയായിരുന്നു. ചങ്ങമ്പുഴ, വയലാർ, പി.ഭാസ്കരൻ. ഓ.എൻ.വി. തുടങ്ങിയവരുടെ വിപ്ളവകവിത വികാരത്തുടുപ്പിന്റെ വീറായിരുന്നു. ഇടശ്ശേരിക്കവിത ഒതുക്കവും തിളക്കവും പാലിച്ചു. തന്റേതായ പരിപ്രേക്ഷ്യത്തിനു നാക്ക് നൽകിയ കവിയാണ് അദ്ദേഹം. മിതവാക്കാണ്, വാചംയമിയാണ്. അനുഭവസീമകളിലെ യാഥാർത്ഥ്യങ്ങളെ പരിവർത്തനദാഹത്തിന്റെ കരുത്തോടെ അദ്ദേഹം ആവിഷ്ക്കരിച്ചു.

പുത്തൻകലവും അരിവാളും കരളിൽ തങ്ങുന്ന ഒരു ആഖ്യാനകവിതയാകുന്നു. മീനക്കൊടുംവെയിൽ കത്തുന്ന കാലത്ത് കോമൻ പാടുപെട്ട് പണിയെടുത്ത് ആരിയൻ  വിത്തു വിതച്ചു.

രാപ്പകലില്ലൊരു വിശ്രാന്തി, വിള
കാപ്പതിനെന്തൊരു ശുഷ്ക്കാന്തി!

പുല്ലേറ്റം കൊണ്ടു കൃഷിക്കാരനും കളപറിക്കാരും വലഞ്ഞു. എങ്കിലും കണ്ണിന് കിക്കിളി കൊള്ളിക്കുന്ന കള്ളക്കതിർക്കുല കണ്ട്

എല്ലാ വാഞ്ഛയുമെല്ലാർക്കും ഗൃഹ-
വല്ലഭനന്നു കണക്കിട്ടു
കൊയ്യാൻ പാടത്തിറങ്ങിയത് ,
കോമനുമല്ല പണിക്കാരും, ഒരു
കോടതിയാമീനുമാൾക്കാരും ആയിരുന്നു. ചാത്തപ്പൻ തീപ്പുലിപോലെ ചീറ്റിയടുത്തു. കോമൻ കുറ്റിക്കിട്ട ആനയെപ്പോലെ കലികൊണ്ടു. ആമീൻ കോടതിയുടെ കൽപ്പന വായിച്ചുകേൾപ്പിച്ചു. പാട്ടബാക്കിക്ക് ജപ്തി നടന്നു. കോമൻ മോചനത്തിന്റെ മന്ത്രം ഉരുവിട്ടു.

അധികാരം കൊയ്യണമാദ്യം നാം
അതിനുമേലാകട്ടെ പൊന്നാര്യൻ

ഭാവപരാഗങ്ങൾ പൊഴിയുന്ന ഒരു പ്രകൃതിവർണ്ണനയുണ്ടി കവിതയിൽ. കൊയ്ത്തുപുലരി:

കോടക്കാറ്റു കുലുക്കിയ വിണ്ണിൽ
മാമലത്തോപ്പിലെത്താരങ്ങൾ
തുമ്പക്കുടങ്ങളിൽ തങ്ങിത്തെളിഞ്ഞൊരു
ഭംഗിയിലുണ്ട് വിരിയുന്നു.

കാറ്റേറ്റു കുലുങ്ങിയ മരങ്ങളിൽ നിന്നു കൊഴിഞ്ഞുവീണ തുമ്പക്കുടങ്ങളിൽത്തങ്ങിയ വെളിച്ചത്തിന്റെ പൂക്കളാണത്രെ തുമ്പപ്പൂക്കൾ. പ്രതീകാത്മകതയിലൂടെ വിപ്ളവബോധത്തിന്റെ വെളിച്ചവും അരിച്ചരിച്ചു പ്രസരിക്കുന്നുണ്ട്. അതാണ് അരുണകവിതയുടെ ശക്തിയും ചാരുതയും.

ഇടശ്ശേരിയുടെ പണിമുടക്കവും അദ്ധ്വാനിക്കുന്ന വർഗ്ഗത്തിന്റെ കവിതയാണ്. തുണിമില്ലിൽ പണിമുടക്കം. ഒരു തൊഴിലാളിയായ രാമൻ ഒരു മാസം ഉന്തിക്കഴിച്ചുകൂട്ടി. ഒരിടത്തും പൊറുതിയില്ലാതായി. വീട്ടിൽ അഴലും പൊരിച്ചിലും. വെളിയിൽ തൊഴിയും ഇടിയും. മുതലാളി സന്താനപ്രാപ്തിക്കു

വേണ്ടി ഇരുപത്തൊന്നു ദിവസം യാഗവും അന്നദാനവും നടത്തി.

പണമിട്ടെമ്പാടുമിടിപ്പു തെള്ളി
പരലോകനന്മക്കു വേണ്ടതല്ലോ

യാഗത്തിന്റെ പായസം കഴിച്ചു രാമന്റെ പത്തു മക്കൾക്കും അതിസാരം പിടിപെട്ടു. പത്തുപേരും അന്തരിച്ചു. മുതലാളിയുടെ ഭാര്യ ഹോമാഗ്നിയിൽ ഹവിസ്സർപ്പിച്ചപ്പോൾ രാമന്റെ ഭാര്യ പത്രന്റെ എല്ലുന്തിയ മാറിൽ ഒരു പിടി മണ്ണു വാരിയിട്ടു. അവൾ മറിഞ്ഞു വീണു. രാമന്റെ തൊണ്ടയിൽ നിന്ന്

ഇടിവെട്ടി, പൊട്ടരുതൊറ്റക്കൂമ്പും
കുടില ദുർമ്മത്തൃതേ, നിൻ കടയ്ക്കൽ
തെരുവിൽ തൊഴിലാളികളുടെ സമരഗാനം മുഴങ്ങി
കുഴിവെട്ടി മൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്കു നമ്മൾ

രാമനും ഭാര്യയും ഉണർന്ന് ആ ഗാനം ഏറ്റുപാടി. ഈ കവിതയിലേയും ഒരു വർണ്ണന നമ്മെ തടഞ്ഞു നിർത്താതിരിക്കില്ല :

ചെറുകാറ്റിൽ മന്ദമുലഞ്ഞുതാഴും
പുരയോലചീളിൻ പിറുപിറുക്കൽ
ധൃതിപിടിച്ചന്തിക്കു ചേക്കയേറും
കഴുകച്ചിറകടിപോലെ കേട്ടു
വഴിവിളക്കിന്റെയാ നീൾനിഴല-
ന്നിറയത്തേയ്ക്കൊന്നു കുനിഞ്ഞുനോക്കി.

പിറുപിറുക്കലും ചിറകടിയും കാതിൽ തൊഴിലാളിവർഗ്ഗത്തിന്റെ കിരുകിരുപ്പുയർത്തും. ആ ഓലച്ചീളും ചേക്കേറ്റവും കുനിഞ്ഞുനോട്ടവും കണ്ണിൽ പരിവർത്തനമോഹത്തിന്റെ ചിത്രങ്ങൾ നെയ്യും.

ബുദ്ധനും ഞാനും നരിയുമെന്ന കവിതയിൽ ലക്ഷ്യത്തിന്റെ മാർഗ്ഗം കരുത്തു കാട്ടിയിരിക്കുന്നു.

അരിയില്ല, തിരിയില്ല ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരേ?

ക്രൂരമായ ഒരു ചോദ്യം, ആരേയും അമ്പരപ്പിക്കുന്ന ചോദ്യം ചെറ്റമാടത്തിൽ.

കരയുന്നുമുണ്ടാവാം പൊരിയുന്നുമുണ്ടാവാം
ദുരിതമേ നാലഞ്ചു മക്കളിപ്പോൾ
വലയും കുടുംബിനി തലതല്ലിക്കൊണ്ടന്റെ
വരവും പ്രതീക്ഷിച്ചിരിപ്പുമുണ്ടാം

ഇത്തിരി റേഷനരി കിഴികെട്ടി ചുമലിൽ തൂക്കിയിട്ടുണ്ട്. ഒറ്റയടിപ്പാതയിലൂടെയാണ് യാത്ര. വഴിയരികിൽ വളരെയേറെ പഴക്കം ചെന്ന ബുദ്ധപ്രതിമയുണ്ട്. ഇരുട്ടു വ്യാപിച്ചു. ഒരു നരിയുടെ രണ്ടു കണ്ണുകൾ യാത്രക്കാരന്റെ നേരെ നീണ്ടു. ലേശവും സംശയിക്കാതെ ബുദ്ധപ്രതിമ തള്ളിയിട്ട് നരിയെ കൊന്നു. യാത്രക്കാരൻ വീട്ടിലെത്തി. നിണം വീഴ്ത്തിയ അരികൊണ്ട് കഞ്ഞി വെച്ച് എല്ലാവരു കുടിച്ചു. സംതൃപ്തി കളിയാടി. ലക്ഷ്യത്തെപ്പോലെ മാർഗ്ഗവും നന്നായിരിക്കണമോ? ഇടശ്ശേരി ഒരു മറുചോദ്യം ഉന്നയിക്കുന്നു.

പരമമീ ലക്ഷ്യത്തിൽ സമസൃഷ്ടച്ചെഞ്ചോര
പുരളാനിടയായെൻ തെറ്റുതന്നെ
ഇരുകാതം താണ്ടി ഞാൻ വരുവോളമെൻ മക്കൾ
പൊരിയുകിൽ ചാവുകിൽ തെറ്റല്ലെന്നോ ?

പക്ഷേ, കവി തുളച്ചുകയറുന്ന നിസ്സംഗതയിൽ അഭയം തേടുന്നു.

ഇടയുള്ളോർ വാദിപ്പിൻ മാർഗ്ഗവും ലക്ഷ്യവു-
മിടറിയോ ? ഞാനൊന്നു തല ചായ്ക്കട്ടെ.

ക്രൂരമായ ഈ നിസ്സംഗതയാണ് അരുണകവിതയുടെ അന്തശ്ശക്തി. കർമ്മധീരതയുള്ള ഒരു തലമുറയെയാണ് ഇടശ്ശേരി വിഭാവനം ചെയ്യുന്നത്.

തത്ത്വശാസ്ത്രങ്ങൾ ഉറങ്ങുമ്പോൾ എന്ന കവിതയിൽ ആദർശസ്വപ്നത്തെ പിച്ചിച്ചീന്തിയിരിക്കുന്നു. വിധിവിശ്വാസിയായ പിതാവ്, മാർക്സിസം വെള്ളമാക്കിയ സഹോദരൻ, നനയറ്റ പടർവാഴത്തൈപോലെയായ കുമ്മിണി. അവൾ അടയാളദീപം നോക്കി വീടുവിട്ടിറങ്ങി വാചാലതയുടെ അമിട്ടു പൊട്ടിക്കാത്ത വിപ്ളവകവിതയാണിത്.

വിഗ്രഹഭഞ്ജനത്തോടൊപ്പം വിഗ്രഹരജ്ഞനവും വേണമെന്നാണ് ഇടശ്ശേരിയുടെ ഇംഗിതം. വരദാനത്തിലെ വ്യംഗ്യം ഇതാണ്. ശ്രീകൃഷ്ണൻ കൂനിയെ സുന്ദരിയാക്കി. അവളുടെ അനുഭവമോ?

കൈക്കൊള്ളുകില്ലൊരാളെന്നെയത്രെ
കയ്പ്പുറ്റതായിതെൻ ജീവകാലം
ശ്രീകൃഷ്ണൻ ബലരാമനോട് പറഞ്ഞു
വിപരീതം ദൈവമിപ്പോൾ
ദുഷ്ക്കാലം പെട്ടമാതിരി
അല്ലെങ്കിൽ നന്മയാണെന്നു
നാം നടുന്നവയൊക്കെയും
തിന്മയേക്കാൾ തിക്തമാകും
ഫലം പെറുവതെങ്ങനെ?
ബലരാമൻ ആശ്വസിപ്പിച്ചു
പറിച്ചുനട്ടു നീ കൃഷ്ണ
പടരുന്നൊരു വല്ലിയെ
നിനക്കാണിനിയും ഭാരം
പന്തലിട്ടു കൊടുക്കുവാൻ

കൃഷ്ണാ, നിനക്കെന്നും ഊടാക്കുന്നതിലാണ് രസം. ഇവളെ കൈക്കൊള്ളുക. കള്ളനൊത്തതു കൂനിതന്നെ.

ഭജ്ഞന രജ്ഞനങ്ങളുടെ സംഘർഷത്തിന്റെ കവിതയാണ് മകന്റെ വാശി. തലമുറകളുടെ വിടവിലൂടെയാണിത് ഒഴുകി വീണിട്ടുള്ളത്. വിവാഹവിഷയത്തിൽ പിതാവിന്റെയും പുത്രന്റെയും അഭപ്രായങ്ങൾ പൊരുത്തപ്പെടുന്നില്ല. പിതൃസുഹൃത്തിന്റെ പ്രതികരണമാണിതിന്റെ കാതൽ.

ദുഖദമാണിത്തള്ളലുമതുപോൽ-
        ക്കൊള്ളലുമെന്നു പറഞ്ഞേൻ
ദുശ്രഷമല്ലോ ധർമ്മം, പാരിതു
        ദുഖോല്ലാസം നൂനം

സുഹൃത്തിന്റെ മനസ്സ് സാഹസികോത്തമനായ ആ തരുണനോടൊപ്പം തന്നെ.

മാനവവംശ മഹാകഥ വേദം
        മർത്ത്യസ്നേഹം ധർമ്മം
മനുജകുലം താൻ തന്റെ കുടുംബം
        മതമോ ശാസ്ത്രജ്ഞാനം.

പൈതൃകത്തിന്റെ നൈരന്തര്യം മേഘത്തിലൂടെ പ്രത്യക്ഷവൽക്കരിച്ചിരിക്കുന്നു. കടലിൽ നിന്നുയർന്ന നീരാവി നിറഞ്ഞ മേഘംകാറ്റേറ്റു പർവ്വതശൃംഗത്തിൽ തട്ടി കരുത്തു കാട്ടുന്നു. വിപ്ളവചിന്തയുടെ വേരോട്ടം എത്ര അഗാധതയിലാണ്! ഈ നൈരന്തര്യബോധം വെറും തൊലിപ്പുറമേനിയല്ല.

.........തലമുറ തലമുറ-
യായി പെറ്റുപെരുത്തോരടിമക-
ളടിമകൾ, അവരുടെ നിത്യനിരാശത-
യിങ്കൽ പ്രാക്തന സംസ്കാരത്തിൽ
പുതിയൊരു മൂളപൊട്ടുന്നൂ...
        (വികസിക്കുക)

ഇതാണ് 'ദുഖോല്ലാസ' ത്തിന്റെ പൊരുൾ. ദുഃഖം പോലും കരുത്തായിത്തീരുന്ന ചിന്താഗതിയാണിത്. അരുണകവിതയുടെ ഒരു

**അരുണമഹാകവി**
**പ്രൊഫ. പി. മീരാക്കുട്ടി**

4

കൊടിയടയാളം. പൂവേ പോൽ പൂവേ എന്ന കവിതയിലും ഈ മുദ്ര പതിഞ്ഞിട്ടുണ്ട്.

ഓണത്തിനു വെളുക്കാൻ വേണ്ടി
ച്ചാണകം തേക്കുകയാണത്തം
'മോക്ഷാപായ'ത്തിൽ അദ്ദേഹം കാണുന്നു.
......കൂർത്തുതൻ നഖം പിളർപ്പോടെ
മാദിത്യ ഹർഷാൽ ത്തൂകും ഹാർദ്ദമാം മന്ദസ്മിതം
ഇതേ ചിന്താഗതി 'ഉപരിപഠനത്തിന്' എന്ന കവിതയിലുമുണ്ട് അദ്ദേഹം,
കുന്നുമുള്ളത്രയും മറച്ചുളവായ
തളിരൊളിയുടെ തരംഗഭംഗിയിൽ-
മുഴുകി വാണ കവിയാണ്. എതിർദിശയിലേക്കും കണ്ണയയ്ക്കാതിരിക്കുന്നില്ല.

നേടിയതെന്തപവർഗ്ഗമിതേവരെ
നെടുതാം വീർപ്പുകളല്ലാതെ?
ഇതുതന്നെ ദാരുകന്റെ നാക്കിൽനിന്നും കേൾക്കാം
ഇടയ്ക്കു കണ്ണീരുപ്പുപുരട്ടാ-
തെന്തിനു ജീവിതപലഹാരം?
(അമ്പാടിയിലേക്കു വീണ്ടും)

ചങ്ങമ്പുഴ തുടങ്ങിയവരുടെ വിപ്ലവകവിതയിലെ പ്രകോപനമേ ഇല്ല. പക്ഷേ ഇടശ്ശേരിയുടെ ക്രൂരമായ സംയമനശക്തി പ്രകമ്പനം കൊള്ളിക്കും. കാഹളം മുഴങ്ങാത്തകുടിയിറക്കൽ എന്ന കവിതയിലെ വിലാപം ചക്രവാള പര്യന്തം പ്രതിദ്ധ്വനിക്കും. വിണ്ണിനേക്കാൾ മണ്ണിനെ സ്നേഹിക്കുന്നവന്റെ ഉരുകിയ ഉൾക്കരുത്തിന്റെ സ്ഫോടനമാണ് കുടിയിറക്കൽ.

അവിടെജ്ജനിച്ചു ഞാനവിടെ
വളർന്നു ഞാ-
നവിടക്കിടന്നു താൻ മൃതി
മോഹിപ്പൂ

ശോകശക്തികളുടെ ഈ സമന്വയമാണ് അരുണകവിതയുടെ വിളവെടുപ്പ്. ലോകസഹോദര്യത്തിന്റെ കൂടി കടുംനൂൽ നൂൽക്കുന്ന കവിതയാണിത്.

എവിടെവിടങ്ങളിച്ചട്ടി പുറത്തെടു-
ത്തെറിയപ്പെടുന്നുണ്ടിപ്പാരിടത്തിൽ
അവിടവിടങ്ങളെപ്പേർക്കു വരയ്ക്കുകൊ-
ന്നിവരുടെ രാഷ്ട്രത്തിണ്ടതിർവരകൾ.

ചീയുന്ന മനുഷ്യത്വത്തിന്റെ അദ്ധ്വാനത്തിൽ പോലും ഈ പ്രക്രിയയുടെ ഓജസ്സ് ഓളം വെട്ടുന്നുണ്ട്.

അവയെത്തല്ലി സ്വർണ്ണശലാക-
യ്ക്കവമതി ചോർക്കും തുമ്പുകളെ
ഇവരുടെ കൈകളുദിപ്പിക്കുന്നൂ
കരിനിശ പുലരിക്കതിർ പോലെ

ഇരുട്ടും വെളിച്ചവും! ദുഃഖവും സുഖവും! ചകിരിക്കുഴികളിലെ ചകിരിത്തൊഴിലാളികളുടെ അദ്ധ്വാനമഹത്ത്വത്തിൽ വിളഞ്ഞു വിലസുന്ന ഈ വീക്ഷണം 'പെങ്ങളി'ലുമുണ്ട്.

പക്ഷേ പോകണമെന്നോ? നേർത്തൊരു
നൂലിഴയുന്നു കണങ്കാലിന്ന-
പ്പക്ഷി വിടർത്തും ചിറകിൽ പുതിയൊരു
മാസ്മരമധുരക്ഷീണം തങ്ങി,

സഹോദരിയുടെ ഈ ഹൃദയവൈവശ്യം മാനവചേതനയുടേതുകൂടിയാണ്. കവിദർശനത്തിലും ഇതിന്റെ പ്രഭാവമുണ്ട്. ചുരുക്കത്തിൽ 'പുതിയൊരു മാസ്മര മധുരക്ഷീണ' ത്തിന്റെ കവിതയാണത്, അരുണകവിതയായ

ഇടശ്ശേരിക്കവിത.

സൃഷ്ടി അനുബന്ധമായിത്തീരുന്ന സംഹാരമാണ് ഇടശ്ശേരിക്കു പത്ഥ്യം.

പൊടിയിലമർന്നു കഴിഞ്ഞോർക്കേകിയ
 വൈക്കോൽ വിരികളേ മാറ്റൂ
പുതുവീരാളിപ്പട്ടു വിരിക്കൂ
 നാളത്തെജ്ജനതയ്ക്കായ്
 (പഴകിയ ചാലുകൾ മാറ്റുക)

ഈ ആശയം വ്യംഗ്യഭംഗി കൈക്കൊള്ളുന്ന സന്ദർഭവുമുണ്ട്.

മേടം തീക്കനൽ കോരി വിതച്ചു
പാടം പച്ചത്തഴപ്പും പുതച്ചു.

കാറ്റും വെളിച്ചവും എന്ന കവിതയിലും ഇതേ ശൈലി പ്രകടമാണ്, രൂപത്തിലും ഭാവത്തിലും.

എല്ലാമെല്ലാം പൊക്കിയെടുത്തു
പറന്നണയുന്ന കൊടുങ്കാറ്റേ നീ
ഫുല്ലമലർക്കുലകൾക്കു സരാഗ-
പരാഗമണച്ചിടുമെന്നാരോർത്തു?

വിപ്ലവത്തിന്റെ കൊടുങ്കാറ്റും പുനഃസൃഷ്ടിയുടെ പരാഗവും! ഇടശ്ശേരിയുടെ തൂലിക 'അപഹൃതസ്വരായ് നിരാലംബരായ് അലയും' മത്സ്യത്തൊഴിലാളികളെയും കറുത്ത ചെട്ടിച്ചികളെയും,

നെയ്യുന്നവർ, ചക്കിലാട്ടുന്നവർ കലം
നിർമ്മിച്ചിടുന്നവർ, കന്നു പൂട്ടുന്നവർ
കയ്യിന്റെ കെല്പിലഭിമാനമാർന്നവർ

യവരേയുമാണ് വാരിപ്പുണരുന്നത്. അതിന് പ്രചോദന ചിന്താധാര 'ചകിരിക്കുഴി'കളിൽത്തന്നെയുണ്ട്.

നിസ്വത നിലനിർത്താനായുള്ളൊരു
തത്ത്വജ്ഞാനമുദിക്കുമ്പോൾ
മർത്ത്യനെ വാരിപ്പുണരാൻ വെമ്പും
മർത്ത്യനതിന്മേൽ തുപ്പുന്നൂ.

ഇടശ്ശേരി മലയാളിയെക്കുറിച്ചു പാടിയിട്ടുള്ളത് അദ്ദേഹത്തിന്റെ കവിതയ്ക്കും വിശേഷിച്ച് അരുണ കവിയ്ക്ക് ഉചിതമാണ്.

മാറിലമ്മിഞ്ഞയും കൈയ്യിൽക്കൊടും കൊല-
വാളുമെഴുമൊരു മൂർത്തി
കാവിലുണ്ടെങ്കിലുമില്ലെങ്കിലും ശരി
മേവിടുന്നുണ്ടയാൾക്കുള്ളിൽ.

## ഭരതവാക്യം

ഒരരനൂറ്റാണ്ടുകാലത്തെ മലയാളകവിതയുടെ ആന്തരചൈതന്യം ഈ പാർശ്വചിത്രങ്ങളിൽ സ്പന്ദിക്കുന്നുണ്ട്. ആശാൻ കാല്പനികതയുടെ കൊടിയുയർത്തി, ഇടശ്ശേരി അരുണകവിതയുടെയും ആശാൻകവിതയിൽ സ്ഫുരിച്ച സോഷ്യലിസ്റ്റ് റിയലിസം അനന്തരകാലകവികളുടെ കവിതയിൽ ഹോമിയോമരുന്നുപോലെ ആവർത്തനങ്ങളിലൂടെ നേർത്തു നേർത്ത് ഇടശ്ശേരിക്കവിതയിൽ അരുണകവിതയുടെ ചാരുതയാർന്നിരിക്കുന്നു. ഈ വികാസപരിണാമങ്ങളുടെ സാമാന്യമായ സർഗ്ഗാത്മകസമന്വയം തേടിയുള്ള പൂർണ്ണതനേടാത്ത ഒരു ആസ്വാദനതീർത്ഥാടനം.